പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3443 18/02/2013- ൽ മറുപടിക്ക്

## വിദ്യാലയങ്ങളിൽ ജന്തുക്ഷേമക്ലബ്ബുകൾ

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം.എ. വാഹീദ്:
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി.റ്റി.ബൽറാം:

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ജന്തു ക്ഷേമക്ലബ്ബുകളുടെ പ്രവർത്തനത്തിന് ആരംഭം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) ഉണ്ട്. വിഞ്ജാന വ്യാപനവും, പരിശീലനവും പദ്ധതി പ്രകാരം 2011-2012 വർഷം 140 ജന്തുക്ഷേമ ക്ലബ്ബുകൾ 140 മണ്ഡലങ്ങളിലായി നടപ്പാക്കാൻ നടപടി സ്വീകരിക്കുകയുണ്ടായി. 100 ജന്തുക്ഷേമ ക്ലബ്ബുകൾക്കായി 20 ലക്ഷം രൂപയാണ് വകമാറ്റിയത്. ഒരു യൂണിറ്റിന് 20,000/- രൂപ നിരക്കിൽ നൽകുകയുണ്ടായി. പിന്നീട് ഈ വകുപ്പിന്റെ 1 വർഷ പ്രോഗ്രാം റിവ്യൂ ചെയ്തുകൊണ്ടുള്ള വകുപ്പ് മന്ത്രിയുടെ മീറ്റിംഗിൽ 40 അധിക സ്കൂളുകളിൽ കൂടി ക്ലബ്ബ് അനുവദിക്കാൻ തീരുമാനമായി. അതിനായി 8 ലക്ഷം രൂപ പബ്ലിസിറ്റി ഓഫ് എക്സ്റ്റൻഷൻ പ്രോഗ്രാമിന് അനുവദിച്ച 30 ലക്ഷം രൂപയിൽ നിന്നും കണ്ടെത്തുകയും ചെയ്തു. 2012-13 സാമ്പത്തികവർഷം വിഞ്ജാന വ്യാപനവും, പരിശീലനവും പദ്ധതിയിൽ ഉൾപ്പെടുത്തി 100 സ്കൂളുകളിൽ ജന്തുക്ഷേമ ക്ലബ്ബുകൾ ആരംഭിക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം ഈ വർഷത്തെ പദ്ധതി പ്രവർത്തനം 100 സ്കൂളുകളിൽ നടന്നുവരുന്നു. ഒരു യൂണിറ്റിന് 50,000/- രൂപ നിരക്കിലാണ് ഈ വർഷം പദ്ധതി നടപ്പിലാക്കുന്നത്.

(ബി) വിദ്യാർത്ഥികളിൽ ജന്തുസ്നേഹവും മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ താൽപ്പര്യവും വളർത്തുന്നതിന് എന്തെല്ലാം നടപടികളാണ് ജന്തുക്ഷേമക്ലബ്ബുകളുടെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) തെരഞ്ഞെടുത്ത സ്കൂളുകളിലെ ഓരോ ക്ലബ്ബിനും വളർത്തുമൃഗങ്ങളായ ആട്, കോഴി, മുയൽ എന്നിവ നൽകുകയും ക്ലബ്ബ് അംഗങ്ങളായ കുട്ടികളെ വളർത്താൻ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. സൗജന്യമായി ചെറുമൃഗങ്ങളെയും പക്ഷികളെയും നൽകുമ്പോൾ കൂടുകൾ കൂടി സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരം നൽകുന്ന മൃഗസംരക്ഷണ ഉപാധികളിൽ നിന്നും ലഭ്യമാകുന്ന സമ്പത്ത് പേരന്റ് ടീച്ചർ അസോസിയേഷനും ക്ലബ്ബിലെ സജീവ

| | |
|---|---|
| | മെമ്പർമാരുമായി പങ്കിടുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ക്വിസ് പ്രോഗ്രാമുകൾ , പെയിന്റിംഗ്, പ്രബന്ധരചന എന്നീ വിഷയങ്ങളിൽ മത്സരം നടത്തി ഉണർവുണ്ടാക്കുവാനും സമ്മാന വിതരണം നടത്തി പ്രോത്സാഹനം നൽകുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കുട്ടികളെ ഫാം സന്ദർശനങ്ങൾക്കായി കൊണ്ടു പോകുവാനും (എക്സ്പോഷർ വിസിറ്റ്) അതുവഴി മൃഗപരിപാലനത്തിൽ താത്പര്യവും അറിവും വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത സ്കൂളുകളിലെ 7,8,9, ക്ലാസുകളിലെ കുട്ടികളെയാണ് ഈ ക്ലബ്ബുകളിലെ മെമ്പർമാരായി തെരഞ്ഞെടുത്തിട്ടുള്ളത്. മേൽനോട്ടത്തിനായി സ്കൂളിലെ തന്നെ തെരഞ്ഞെടുത്ത അധ്യാപകനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ പ്രവർത്തിക്കുന്നത് ; | (സി) തെരഞ്ഞെടുത്ത സ്കൂളുകളിലെ പേരന്റ് ടീച്ചർ അസോസിയേഷനും, സ്കൂളുകൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തും, വെറ്ററിനറി സർജനും , പഞ്ചായത്തിലെ ഒരു പ്രതിനിധിയുമാണ് ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെട്ടവർ. സ്കൂളിലെതന്നെ ഒരു അധ്യാപകനെ ഇതു നടപ്പിലാക്കാൻ ചുമതല പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ക്ലബ്ബുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം ധനസഹായമാണ് നൽകുന്നത്; വിശദമാക്കുമോ? | (ഡി) വിജ്ഞാന വ്യാപനവും, പരിശീലനവും പദ്ധതിയിൽ ഉൾപ്പെടുത്തി 100 ക്ലബ്ബുകൾക്ക് 50 ലക്ഷം രൂപ ചെലവുചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. തെരഞ്ഞെടുത്ത ഒരു സ്കൂളിൽ ഒരു യൂണിറ്റ് എന്ന നിലയ്ക്ക് 50,000/ രൂപയാണ് 2012-13 വർഷത്തിൽ നീക്കിവച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ